ധനസഹായം: നിലവിൽ അപേക്ഷകൾ വിതരണം ചെയ്യുന്നില്ല

അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി ഫിഷറീസ് വകുപ്പ് അപേക്ഷകൾ ഒന്നും തന്നെ നിലവിൽ വിതരണം ചെയ്യുന്നില്ലെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

എഴുപുന്ന, അരൂർ പ്രദേശങ്ങളിൽ അനുബന്ധ മത്സ്യതൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കും എന്ന പേരിൽ ചില വ്യക്തികൾ അപേക്ഷ വിതരണം ചെയ്യുന്നതായി പരാതി ലഭിച്ചതിനെത്തുടർന്നാണ് ഈ വിശദീകരണം.

ഫിഷറീസ് വകുപ്പ് ഇപ്പോൾ ഇത്തരത്തിലുള്ള അപേക്ഷകൾ ഒന്നും വിതരണം ചെയ്യുന്നില്ല. ബന്ധപ്പെട്ട മത്സ്യ ഭവനുകൾ മുഖേന ആധാർ അടക്കമുള്ള രേഖകൾ ഫിഷർമെൻ ഇൻഫർമേഷൻ മാനേജ്മെൻറ് സിസ്റ്റത്തിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾക്ക്, ഡി ബി ടി മുഖേന അക്കൗണ്ടിലേക്ക് നേരിട്ട് മാത്രമാണ് ഫിഷറീസ് വകുപ്പ് ധനസഹായം നൽകുന്നത്. ഇക്കാര്യം ബന്ധപ്പെട്ട മത്സ്യഭവനിൽ മാത്രം അന്വേഷിക്കണമെന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. വിശദവിവരങ്ങൾക്ക് ജില്ലാ ഫിഷറീസ് ഓഫീസിൽ 0477 2251103 ബന്ധപ്പെടുക